GOVERNMENT OF KERALA

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003

Website: fibkerala.gov.in

E-mail:piofibtvm@gmail.com

Telephone: 0471 – 2318186, 2317314

Editor Farm News – Dr. Amritha V.S

---

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 13/10/2026

1. കേന്ദ്ര സർക്കാരിന്റെ ഡിജിറ്റൽ അഗ്രികൾച്ചർ മിഷന്റെ ഭാഗമായി നടപ്പാക്കുന്ന അഗ്രിസ്റ്റാക്ക് കർഷക രജിസ്ട്രിയിൽ നേരത്തെ രജിസ്റ്റർ ചെയ്ത് ഫാർമർ ഐഡി നേടിയ കർഷകർ, തങ്ങളുടെ പേരിലുള്ള മുഴുവൻ കൃഷിഭൂമികളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്ട്രി അപ്ഡേറ്റ് ചെയ്യണമെന്ന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് അറിയിച്ചു. പ്രാരംഭഘട്ടത്തിൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് തങ്ങളുടെ

ഉടമസ്ഥതയിലുള്ള ഏതെങ്കിലും ഒരു കൃഷിഭൂമിയുടെ വിവരങ്ങൾ മാത്രമേ രജിസ്ട്രിയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിരുന്നുള്ളൂ. നിലവിൽ, കർഷകരുടെ പേരിലുള്ള മറ്റ് കൃഷിഭൂമികളുടെ വിവരങ്ങൾ കൂടി ചേർക്കുന്നതിനുള്ള സൗകര്യം അഗ്രിസ്റ്റാക്ക് പോർട്ടലിലും ആപ്ലിക്കേഷനിലും ലഭ്യമാണ്. അഗ്രിസ്റ്റാക്ക് കർഷക രജിസ്ട്രിയിൽ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത കർഷകർ എത്രയും വേഗം രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതാണ്. കൃഷിഭൂമിയുടെ വിവരങ്ങൾ സ്വയം ചേർക്കുന്നതിനും അപ്ഡേറ്റ് ചെയ്യുന്നതിനുമുള്ള നടപടിക്രമങ്ങൾ വിശദീകരിക്കുന്ന യൂസർ മാനുവൽ കൃഷി വകുപ്പിന്റെ വെബ്-സൈറ്റിൽ ലഭ്യമാണ്. മാനുവലിന്റെ സഹായത്തോടെ കർഷകർക്ക് തങ്ങളുടെ വിവരങ്ങൾ സ്വയം ചേർക്കുകയോ തിരുത്തുകയോ ചെയ്യാം. കൂടാതെ, സമീപത്തെ അക്ഷയ കേന്ദ്രങ്ങൾ, കോമൺ സർവീസ് സെന്ററുകൾ (CSC), കൃഷിഭവനുകൾ എന്നിവയുടെ സേവനവും പ്രയോജനപ്പെടുത്താം.

2. മൃഗസംരക്ഷണ മേഖലയിൽ മികച്ച പ്രവർത്തനം നടത്തുന്ന കർഷകർക്കുള്ള സംസ്ഥാനതല-ജില്ലാതല അവാർഡുകൾക്ക് അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് www.adh.kerala.gov.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക. അപേക്ഷകൾ ഒക്ടോബർ 22 ന് മുൻപായി ബന്ധപ്പെട്ട സർക്കാർ മൃഗാശുപത്രികളിൽ സമർപ്പിക്കണം.

3. ക്ഷീര വികസന വകുപ്പ്, തിരുവനന്തപുരം, വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാം പരിശീലന കേന്ദ്രത്തിൽ വച്ച് **ഒക്ടോബർ 15, 16 തീയതികളിൽ "തീറ്റപ്പുൽകൃഷി വികസനവും സൈലേജ് നിർമ്മാണവും"** എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. രജിസ്ട്രേഷൻ ഫീസ് - 20/-രൂപ. പരിശീലനത്തിൽ പങ്കെടുക്കുവാൻ താത്പര്യമുള്ളവർ പരിശീലനത്തിനെത്തുമ്പോൾ ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9400058641 / 9388834424 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

4. റബർ പാലിലെ റബറിന്റെ ഉണക്കതൂക്കം (ഡി.ആർ.സി) നിർണയിക്കുന്നതിൽ റബർബോർഡ് നടത്തുന്ന ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് ഒക്ടോബർ 14 മുതൽ 16 വരെ കോട്ടയത്തെ നാഷ്ണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബർ ട്രെയിനിംഗ് സെന്ററിൽ വച്ച് സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 0481-2353127 / 9497487209 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

5. നാളികേര വികസന ബോർഡ് ഏർപ്പെടുത്തിയ ദേശീയ നാളികേര പുരസ്കാരങ്ങൾക്ക് അപേക്ഷ ക്ഷണിച്ചു. മികച്ച കർഷകർ, മികച്ച ശാസ്ത്രജ്ഞർ/ഗവേഷകർ, മികച്ച സംരംഭകർ എന്നിവർക്കാണ്

പുരസ്കാരം നൽകുന്നത്. നവംബർ മാസത്തിൽ നടക്കുന്ന അന്താരാഷ്ട്ര നാളികേര സമ്മേളനത്തിൽ പുരസ്കാരങ്ങൾ സമ്മാനിക്കും. **അപേക്ഷകൾ ഒക്ടോബർ 15നകം സമർപ്പിക്കണം.** വിശദവിവരങ്ങൾക്ക് നാളികേര വികസന ബോർഡിന്റെ വെബ് സൈറ്റായ **coconutboard.gov.in.** സന്ദർശിക്കുകയോ 0484 2376265, 2377266, 2377267 ഫോൺ നമ്പറുകളിൽ ബന്ധപ്പെടുകയോ ചെയ്യാം.

6. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ മുട്ടക്കോഴി വളർത്തൽ എന്ന വിഷയത്തിൽ ഒക്ടോബർ 15 ന് മൃഗസംരക്ഷണ കേന്ദ്രം മലമ്പുഴയിൽ വച്ച് രാവിലെ 10 മണിമുതൽ 5 മണിവരെ സൗജന്യ പരിശീലനം സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് വിളിച്ച് പേര് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി 0491–2815454 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക. പരിശീലനത്തിന് എത്തുന്നവർ ആധാർ കാർഡിന്റെ പകർപ്പ് കൊണ്ടുവരേണ്ടതാണ്.